## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5587

02.11.2016-ൽ മറുപടിക്ക്

## സഹകരണ മേഖലയിൽ കർഷക സേവന കേന്ദ്രം പദ്ധതി

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,, ഹൈബി ഈഡൻ**
**,, അൻവർ സാദത്ത്**
**,, എം. വിൻസെന്റ് :**

**മറുപടി**

**ശ്രീ. എ.സി. മൊയ്തീൻ**
**(സഹകരണവും വിനോദസഞ്ചാരവും വകുപ്പമന്ത്രി)**

(എ) സഹകരണ മേഖലയിൽ കർഷക സേവന കേന്ദ്രം പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(എ) ഉദ്ദേശിക്കുന്നുണ്ട്.

പദ്ധതി വിപുലീകരണത്തിനായി 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ അഞ്ചു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന 60 കർഷക സേവന കേന്ദ്രങ്ങൾക്ക് കാർഷിക നഴ്സറി, ബയോഫാർമസി, മണ്ണുപരിശോധനാ ലാബുകൾ, ഗ്രീൻ ഹൗസ്/പോളി ഹൗസ്, മഴമറ കൃഷി, യന്ത്രവൽകൃത കൃഷി തുടങ്ങി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുകയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പദ്ധതിയിലൂടെ കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിവരിക്കുമോ;

(ബി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക,

ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതി നായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലനപരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണപ്രവർത്തനങ്ങൾക്ക് മികച്ച സംവിധാ നങ്ങൾ ഏർപ്പെടുത്തുക. നബാർഡ്, എൻ.സി.ഡി.സി, സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ.

ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) ഈ പദ്ധതിക്ക് വേണ്ടി എത്രകോടി രൂപ ചെലവിടാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(സി) 2016-17 വർഷം അഞ്ചു കോടി രൂപ ചെലവിടാനാണ് ഉദ്ദേശിക്കുന്നത്.

ആധുനിക കാർഷിക സാങ്കേതിക വിദ്യകളുപയോഗിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതിയടിസ്ഥാനത്തിൽ 380 ലക്ഷം രൂപയും മണ്ണു പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനായി 110 ലക്ഷം രൂപയും മികച്ച കർഷക സേവനകേന്ദ്രത്തിന് അവാർഡ് നൽകുന്നതിനായി 5 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി സി.എം.ഡി.യ്ക്ക് 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**